സാമ്പത്തിക മാനേജ്മെന്റുകൾക്കെതിരെ കൈയിം പെറ്റിഷനുകളും പ്രോസിക്യൂഷനും ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. 2014-15 കാലയളവിൽ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ നടത്തിയ പരിശോധനയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

പൊന്നാനി മാതൃശിശു സ്പെഷ്യലിസ്റ്റ് ആശുപത്രിയിലെ തസ്തികകൾ

46(744) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ പണി പൂർത്തിയായ മാതൃശിശു സ്പെഷ്യലിസ്റ്റ് ആശുപത്രിയിലേയ്ക്ക് ഡോക്ടർമാരെയും, മറ്റു ജീവനക്കാരെയും നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എത്ര തസ്തികകളാണ് ഇവിടേയ്ക്ക് അനുവദിക്കേണ്ടതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കുമോ ;

(സി) തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ജീവനക്കാരെ നിയമിച്ച് ആശുപത്രി എന്നേയ്ക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊന്നാനിയിൽ പണിപൂർത്തിയായ മാതൃശിശു സ്പെഷ്യലിസ്റ്റ് ആശുപത്രിയിലേക്ക് ഡോക്ടർമാരേയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നത് സംബന്ധിച്ച ഫയൽ (2022/എം 1/16/ആ.കു.വ.) പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്. നൂറ്റിപ്പതിമൂന്ന് (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു).*

(സി) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചതിനുശേഷം ഔഷധിക സാധനങ്ങളും ലഭ്യമാക്കി ആശുപത്രിയുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly